# ജില്ലാ സീനിയർ ബേസ്ബോൾ; മീഞ്ചന്ത ഗവ.ആർട്സ് കോളജും ഡയമണ്ട് ഫീൽഡേഴ്സ് മലബാറും ചാമ്പ്യന്മാർ

കോഴിക്കോട്: കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ വെച്ച് നടന്ന ഇരുപത്തിരണ്ടാമത് ജില്ല സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ മടവൂർ സ്പോർട്സ് അക്കാദമിയെ (20) ന് പരാജയപ്പെടുത്തി മീഞ്ചന്ത ഗവൺമെന്റ് ആർട്സ് കോളജ് ടീമും വനിതാ വിഭാഗത്തിൽ വടകര സെന്റ് ആൻറണീസ് ഗേൾസ് ഹൈസ്കൂളിനെ (43) ന് പരാജയപ്പെടുത്തി ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ക്ലബും ചാമ്പ്യന്മാരായി. യഥാക്രമം ഇരുവിഭാഗങ്ങളിലുമായി ഉമ്മത്തൂർ എസ്.ഐ.എച്ച്.എസ്.എസും നയൻ സ്ട്രൈക്കേഴ്സ് സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം കരസ്ഥമാക്കി.





*ജില്ല സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ജേതാക്കളായ ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ക്ലബിനും (മുകളിൽ) പുരുഷ ജേതാക്കളായ മീഞ്ചന്ത ഗവ.ആർട്സ് കോളജിനും അസോസിയേഷൻ ട്രഷറർ ഷുഹൈബ് അസീസ് ട്രോഫി സമ്മാനിക്കുന്നു*

സമാപന ചടങ്ങിൽ കേരള ബേസ്ബോൾ അസോസിയേഷൻ ട്രഷറർ ഷുഹൈബ് അസീസ് വിജയികൾക്ക് മെഡലുകളും ട്രോഫികളും വിതരണം ചെയ്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അധ്യക്ഷത വഹിച്ചു.ചടങ്ങിൽ ജസീംബാസിൽ,കെ.അക്ഷയ് ,കെ.കെ ഷിബിൻ,ടി.യു ആദർശ്,വിപിൽ വിഗോപാൽ തുടങ്ങിയവർ സംസാരിച്ചു.ഫാരിസ് എളേറ്റിൽ സ്വാഗതവും നിരഞ്ജന ബി അനിൽ നന്ദിയും പറഞ്ഞു.

ദേശാഭിമാനി
Mon, 21 July 2025

# ബേസ്ബോൾ ചാമ്പ്യൻഷിപ്പ് 26 മുതൽ



**കോഴിക്കോട്**

ജില്ലാ സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് 26, 27 തീയതികളിൽ കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ നടക്കും. സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ ടൂർണമെന്റിൽ നിന്ന് തെരഞ്ഞെടുക്കും. താൽപ്പര്യമുള്ള ടീമുകൾ 23ന് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യണം. ഫോൺ: 9562848568.